പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1835 17.12.2012 - ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി കണ്ടക്ടർ, കെ.എസ്.ഇ.ബി മസ്ദൂർ റാങ്ക് പട്ടികകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) കെ.എസ്.ആർ.ടി.സി. കണ്ടക്ടർ, കെ.എസ്.ഇ.ബി. മസ്ദൂർ തുടങ്ങിയ തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാത്തതിന്റെ കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ ; | (എ) കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയുടെ 14 ജില്ലകളുടെയും ഉത്തരക്കടലാസ് മൂല്യനിർണ്ണയം കഴിഞ്ഞ് സാധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി. കണ്ടക്ടർ തസ്തികയുടെ സാധ്യതാ ലിസ്റ്റ് ഡിസംബർ മാസത്തിൽ തന്നെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) രണ്ട് തസ്തികയിലും എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ; | (ബി) കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലേയ്ക്ക് 22.09.2012 വരെ ആകെ 591 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം 29<br>എറണാകുളം 130<br>കോട്ടയം 41<br>തൃശ്ശൂർ 161<br>പാലക്കാട് 84<br>മലപ്പുറം 66<br>കണ്ണൂർ 62<br>കോഴിക്കോട് 18<br><br>കെ.എസ്.ആർ.ടി.സി. കണ്ടക്ടർ, തസ്തികയിലേയ്ക്ക് 9016 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത തസ്തികകളിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് എന്നുമുതൽ നിയമനം നടത്തുമെന്ന് വ്യക്തമാക്കുമോ ? | (സി) പ്രസ്തുത തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് പി.എസ്.സി നിയമന ശിപാർശ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ